## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 483 02.07.2013 -ൽ മറുപടിക്ക്

### കെ. എസ്. ആർ. ടി. സി ബസ്സുകളിൽ വികലാംഗർക്ക് സ്ഥിരം പാസ്സ്

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ :
" വി. ഡി. സതീശൻ :
" സി. പി. മുഹമ്മദ് :
" വർക്കല കഹാർ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികലാംഗർക്ക് കെ.എസ്.ആർ. ടി.സി. ബസ്സുകളിൽ ആനുകൂല്യം നൽകുന്നതിനും സ്ഥിരം പാസ്സ് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേയ്ക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്നും കെ.എസ്.ആർ. ടി.സി.ക്ക് നിർദ്ദേശം നൽകികൊണ്ട് 27.04.2012-ൽ സ.ഉ.(കയ്യെഴുത്ത്). 24/2012/ഗതാഗതം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കെ.എസ്. ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സ്ഥിരം പാസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | <u>വികലാംഗർ:-</u><br>40%-ൽ കൂടുതൽ സ്ഥിരമായ അംഗവൈകല്യമുള്ള വികലാംഗർ വില്ലേജ് ഓഫീസർ നൽകുന്ന 15000/- രൂപയിൽ കവിയാത്ത വാർഷിക വരുമാന സർട്ടിഫിക്കറ്റും, വൈകല്യത്തിന്റെ തോത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് / സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുന്ന തിരിച്ചറിയൽ കാർഡിന്റെ പകർപ്പും, രണ്ടു ഫോട്ടോയും സഹിതം താമസ സ്ഥലത്തിനടുത്തുള്ള കെ.എസ്. ആർ.ടി.സി യൂണിറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജോലിയുള്ളവർ |

| | | | |
|---|---|---|---|
| | | | കൺവയൻസ് അലവൻസ് വാങ്ങുന്നില്ല എന്നും വിദ്യാർത്ഥികൾ കൺസഷൻ ടിക്കറ്റ് വാങ്ങുന്നില്ല എന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് അർഹതയുള്ളപക്ഷം പാസ് അനുവദിക്കുന്നു. 70% യാത്രാക്കൂലിയിൽ ഇളവ് ലഭിക്കുന്നു.<br><br>അന്ധർ:-<br>രണ്ട് കണ്ണിനും 100% അന്ധതയുള്ളവർക്ക് പാസ് നൽകുന്നതാണ്. വരുമാന പരിധി ഇല്ല. ഈ വിഭാഗക്കാർക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.<br><br>ബധിര-മൂകർ:-<br>50% വൈകല്യമുള്ള ബധിര-മൂകരായവർക്ക് പകുതി യാത്രാക്കൂലി നൽകി 40 കി.മീറ്റർ യാത്ര ചെയ്യുന്നതിന് പാസ് നൽകുന്നു.<br><br>ബുദ്ധിമാന്ദ്യമുള്ളവർ:-<br>50% ബുദ്ധിമാന്ദ്യമുള്ളവർക്ക് 40 കി.മീറ്റർ യാത്ര ചെയ്യുന്നതിന് പാസ് നൽകുന്നു. യാത്രാക്കൂലിയിൽ പകുതി ഇളവ് പാസ് Holder-ക്കും പകുതി ഇളവ് കൂടെ പോകുന്ന ആളിനും നൽകുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | 27.04.2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 24/2012/ഗതാഗതം പ്രകാരം സ്ഥിരമായ അംഗവൈകല്യമുള്ള വികലാംഗർക്ക് ഒറ്റ തവണ പാസ് നല്കികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | ഉത്തരവ് നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് സ്ഥിരം പാസ് അനുവദിച്ചുകൊണ്ട് 27.04.2012-ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (കയ്യെഴുത്ത്) നമ്പർ 24/2012/ഗതാഗതം പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് 24.05.2012-ലെ എൽ.ആർ. 9/074245/91-ാം നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ